പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5823** — **25.05.2017 ൽ മറുപടിയ്ക്ക്**

**പൊഴിയൂർ -പരുത്തിയൂർ സ്റ്റേഡിയം , നെയ്യാറ്റിൻകര നഗരസഭാ സ്റ്റേഡിയം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി**

**ചോദ്യം**

ശ്രീ.കെ. ആൻസലൻ

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | നെയ്യാറ്റിൻകര എം.എൽ.എ. 2017 ഫെബ്രുവരി മാസം നൽകിയ നിവേദനപ്രകാരം (No.139/VIP/M (ind SBYA)/16 dtd. 22.02.2017 ) കായിക-യുവജനകാര്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയ നിർദ്ദേശം അനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) & ബി) | എം.എൽ.എ സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടതിൻ പ്രകാരം, ടി സ്റ്റേഡിയങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് കായിക എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടിരുന്ന പ്രകാരം പൊഴിയൂർ-പരുത്തിയൂർ സ്റ്റേഡിയം, നെയ്യാറ്റിൻകര നഗരസഭാ സ്റ്റേഡിയം എന്നിവ മെച്ചപ്പെടുത്തുന്നതിന് വേണ്ട ഫണ്ട് അനുവദിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുവാൻ സ്പോർട്സ് യുവജനകാര്യ വകുപ്പ് ഏതെങ്കിലും ഏജൻസിയെ ഏൽപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ; | | |
| സി) | സ്വയിൽ പദ്ധതി പ്രകാരം അപേക്ഷ നൽകിയാൽ സ്കൂൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ നീന്തൽക്കുളങ്ങൾ നിർമ്മിക്കുവാൻ ഫണ്ട് അനുവദിക്കാൻ സാധിക്കുമോ എന്നറിയിക്കാമോ? | സി) | അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയതു പരിശോധിച്ച നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ